# 3. പാവങ്ങൾ: നാലപ്പാട്  നാരായണമേനോൻ

*മൂലഗ്രന്ഥം ലാമിറാബലെ - വിക്ടർ ഹ്യൂഗോ [ഫ്രഞ്ച് കവി, നോവലിസ്റ്റ്]*

## *നാലപ്പാട്  നാരായണമേനോൻ*

*മലയാള സാഹിത്യത്തിൽ ഭാവഗീത പ്രസ്ഥാനത്തിന് നേതൃത്വം നൽകി. കണ്ണുനീർ ത്തുള്ളികൾ (വിലാപകാവ്യം) പ്രസിദ്ധമാണ്.വിക്ടർ ഹ്യൂഗോയുടെ "ലാമിറാബലെ (Le- Miserables) എന്ന ലോകപ്രശസ്തമായ നോവൽ മൂന്ന് വാല്യങ്ങളിലായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. .*

## *പാവങ്ങൾ*

- ഴാങ് വാൽ ഴാങ് ദരിദ്രനായ മരംവെട്ടുകാരൻ.
- വിധവയായ സഹോദരിയും അവരുടെ ഏഴുമക്കളും അയാളുടെ സംരക്ഷണത്തിലായിരുന്നു.
- ഒരു മഴക്കാലത്ത് തൊഴിലില്ലാതെ മുഴുപ്പട്ടിണിയിലകപ്പെട്ടപ്പോൾ സഹോദരിയുടെയും കുട്ടികളുടെയും വിശപ്പു മാറ്റാൻ ബേക്കറിയിൽ നിന്ന് അയാൾ ഒരു റൊട്ടി മോഷ്ടിച്ചു.
- ആ കുറ്റത്തിന് അഞ്ചുവർഷം ശിക്ഷിക്കപ്പെട്ട ഓങ് വാൽ ഴാങ്, മൂന്ന് തവണ ജയിൽ ചാടി. 19 വർഷം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നു.
- ജയിൽ മോചിതനായ അയാൾക്ക് ആരും അഭയം കൊടുത്തില്ല.
- ഒടുവിൽ ഡി - പട്ടണത്തിലെ മെത്രാൻ, വിശപ്പും ദാഹവും കൊണ്ട് തളർന്ന അദ്ദേഹത്തിന് അഭയം നൽകുന്നു. അന്ന് രാത്രി മെത്രാന്റെ ഭവനത്തിൽ നടക്കുന്ന സംഭവങ്ങളാണ്പാഠഭാഗം. (19 വർഷം ജയിൽവാസം സമ്മാനിച്ച മനസ്സിന്റെ കാഠിന്യം അയാളിൽ ദുഷിച്ച ചിന്തകളുണർത്തി).

## *പാഠഭാഗാശയം*

- കൃതികൾ കാലാതീതവും കാവ്യവിസ്മയങ്ങളുമാകുന്നതിന്റെ അനുഭവസാക്ഷ്യമാണ് ഫ്രഞ്ച് കവിയും നോവലിസ്റ്റുമായ വിക്ടർ ഹ്യൂഗോയുടെ വിഖ്യാത നോവലായ "ലാമിറാബലെ" (Le-miserables). നാലപ്പാട്ട് നാരായണമേനോൻ ഇത് "പാവങ്ങൾ" എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ്യങ്ങളെ ആസ്പദമാക്കി രചിച്ച നോവൽ മനുഷ്യജീവിതത്തിന്റെ മഹാ സങ്കടങ്ങളെ അടയാളപ്പെടുത്തുന്നു. . എല്ലാകാലത്തും പാവങ്ങളായി ജീവിച്ചു മരിച്ചു പോകുന്ന മനുഷ്യരുടെ മഹാഗാഥയാകുന്ന ഈ കൃതി മലയാള സാഹിത്യത്തേയും ഏറെ സ്വാധീനിച്ചിട്ടുണ്ട്.

*"തെറ്റുകൾക്ക് ശിക്ഷ നൽകുന്ന നിയമത്തിന്റെ ലോകത്ത് തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ നിയമം കൂടിയുണ്ടെന്ന് ഈ നോവലിലെ പ്രധാന കഥാപാത്രമായ ഴാങ് വാൽ ഴാങ് തിരിച്ചറിയുന്നു. മാനവികതയും കാരുണ്യവും പരസ്പര പൂരകങ്ങളാകുന്നതിന്റെ ദൃഷ്ടാന്തങ്ങൾ പാവങ്ങളിൽ വായിച്ചെടുക്കാനാവും."*

## *പ്രധാന കഥാപാത്രങ്ങൾ*

ഴാങ് വാൽ ഴാങ് , മെത്രാൻ,  മദം മഗ്വാർ (പരിചാരിക) ,മെത്രാന്റെ സഹോദരി.

## *പ്രധാനാശയങ്ങൾ*

- അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടു കൂടി, അനങ്ങാതെ, വിരൽത്തുമ്പ് കൊണ്ട് പതുക്കെ അയാൾ വാതിലുന്തി.(ഴാങ് )
- ഇക്കുറി എണ്ണ വേണ്ടവിധം കൊടുത്തിട്ടില്ലാത്ത ഒരു തിരിക്കുറ്റി പെട്ടെന്ന് ആ നിശ്ശബ്ദതയ്ക്കിടയിൽ നീണ്ടതും ചിലമ്പിച്ചതുമായ ഒരു നിലവിളി പുറപ്പെടുവിച്ചു.
- പരലോകത്ത് വെച്ച് ഇഹലോക കർമങ്ങളെ വിചാരണയെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരുകുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിടിലലച്ചു.(ഴാങ് )
- ആ വാതിൽ തിരുകുറ്റി പെട്ടെന്ന് ജീവൻ പൂണ്ടതായും അത് പെട്ടെന്ന് ഒരു ഭയങ്കര ജീവിതം കൈകൊണ്ട് ഒരു നായയെപ്പോലെ എല്ലാവരേയും ഏഴുന്നേൽപ്പിക്കാനും ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തി അപകടം അറിയിക്കാനും വേണ്ടി കുരയ്ക്കുന്നതായും ഏതാണ്ടു തോന്നി.(ഴാങ് )
- രണ്ടു ചെന്നിക്കുമുള്ള രക്ത നാഡികൾ കൊല്ലന്റെ രണ്ട് കൂടങ്ങൾ പോലെ ആഞ്ഞടിക്കുന്നത് അയാൾ കേട്ടു.(ഴാങ് )
- ഒരു ഗുഹയിൽ നിന്ന് പുറപ്പെടുന്ന കാറ്റിന്റെ ഇരിമ്പിച്ചയോടു കൂടി അയാളുടെ മാറിടത്തിൽ നിന്നു ശ്വാസം വേഗം തള്ളിവന്നു.(ഴാങ് )
- രണ്ടു നിമിഷത്തേയ്ക്ക് അയാൾ തന്റെ കാര്യം പോയി എന്നു തീർച്ചപ്പെടുത്തി.(ഴാങ് )
- ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ ആയാൾ നിന്നേടത്തുതന്നെ മിഴിച്ചു കൊണ്ട് നിന്നു.
- ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ ഒരു വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു..
- വെള്ളിസ്സാമാനം പട്ടാള മാറാപ്പിലിട്ടു , കൊട്ട വലിച്ചെറിഞ്ഞു, തോട്ടം പിന്നിട്ടു നരിയെപ്പോലെ മതിൽ ചാടിക്കടന്ന് ഒരു പാച്ചിൽ കൊടുത്തു.(ഴാങ് )
- ഹോ, മെത്രാൻ മറുപടി പറഞ്ഞു .അപ്പോൾ വെള്ളിസാമാനങ്ങളാണ് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്? എനിക്കറിഞ്ഞുകൂടാ അതെവിടെയാണെന്ന്.(മെത്രാൻ)
- ഭഗവാനെ, എന്റെ ഈശ്വരാ, അതു കട്ടു പോയി, ഇന്നലെ രാത്രി ഇവിടെ വന്ന മനുഷ്യൻ അതു കട്ടു.
- അപ്പോൾ ഒന്നാമത് ആ വെള്ളിസാമാനം നമ്മുടെയായിരുന്നുവോ !(മെത്രാൻ)
- മദാം മഗ്വാർ ,"ഞാൻ ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടില്ല. അതു പാവങ്ങളുടെയാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു. കാഴ്ച്ചയിൽ ഒരു പാവം(മെത്രാൻ)
- ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല.(മെത്രാൻ)

- ഒരു നല്ല വിചാരം തന്നെ, വാസ്തവം.
- ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്യുള്ളു . ഹാ എന്റെ ഭഗവാനെ അത് വിചാരിക്കുമ്പോൾ എനിക്ക് തടി വിറയ്ക്കുന്നു.
- മൂന്നുപേർ നാലാമതൊരാളുടെ കഴുത്തു പട്ടമേൽ പിടികൂടിയിരിക്കുന്നു. ആ മൂന്നുപേർ പോലീസുകാരാണ്, മറ്റേ ആൾ ഴാങ് വാൽ ഴാങ്.
- കുണ്ഠിതപ്പെട്ടും തീരെ അമർന്നു കഴിഞ്ഞുമിരുന്ന ഴാങ് വാൽ ഴാങ് ഈ വാക്ക് കേട്ട ഉടനെ അമ്പരന്ന മട്ടിൽ തല പൊക്കി.
- ഞാൻ നിങ്ങൾക്ക് മെഴുകുതിരിക്കാലുകൾ തന്നുവല്ലോ. മറ്റുള്ളവയെപ്പോലെ തന്നെ അവയും കട്ടി വെള്ളിയാണ്. നിശ്ചയമായും നിങ്ങൾക്ക് അവയിൽ നിന്ന് ഇരുന്നൂറ് ഫ്രാങ്ക് കിട്ടും. നിങ്ങളുടെ മുള്ളുകളും കയ്യുകളും എടുത്ത് കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് കൂടി കൊണ്ടുപോയില്ല ! (മെത്രാൻ)
- ഴാങ് വാൽ ഴാങിന്റെ കണ്ണു രണ്ടും *മിഴിഞ്ഞുപോയി.( അനുപ്രയോഗം)*
- രാത്രി താൻ കഴിച്ചുകൂട്ടിയ ഒരു വൃദ്ധ മതാചാര്യന്റെ അടുക്കൽ നിന്നും തനിക്കു കിട്ടിയതാണ് ആ സമ്മാനമെന്ന് - അങ്ങനയല്ലേ?(ഴാങ് )
- എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ ? ഏതാണ്ടു പുറത്തേക്കു കേൾക്കാത്ത ഒരൊച്ചയിൽ, ഉറക്കത്തിനിടയിൽ സംസാരിക്കുന്ന വിധം അയാൾ പറഞ്ഞു.
- സ്നേഹിതാ - മെത്രാൻ പറയാൻ തുടങ്ങി- നിങ്ങൾ പോകുന്നതിനു മുമ്പ് ഇതാ നിങ്ങളുടെ മെഴുകുതിരി കാലുകൾ എടുക്കാം.(മെത്രാൻ)
- തികച്ചും അമ്പരന്ന് ഒരു പാവയുടെ മാതിരി അയാൾ ആ രണ്ടു മെഴുകുതിരി വിളക്കുകൾ കയ്യിൽ വാങ്ങി.(ഴാങ് )
- മെത്രാൻ പറഞ്ഞു : നിങ്ങൾ സമാധാനത്തോടു കൂടി പോവുക. കൂട്ടത്തിൽ പറയട്ടെ എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല തെരുവിലേക്കുള്ള വാതിലിലൂടെ ത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കിയിരിക്കുന്നത് കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല.(മെത്രാൻ)
- ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നു പോകരുത്.(മെത്രാൻ)
- *പ്രയോഗസവിശേഷത*
- *ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ടു നിന്നു.*
- രൂപപരമായ അവ്യക്തത ഴാങ് വാൽ ഴാങിൽ ഉണ്ടായി. ഉള്ളിലെ ഭയം.
- തന്റെ സ്വത്വം നിർവചിക്കാനാവാത്ത അവസ്ഥ.
- ഉപ്പ് അലിഞ്ഞു തീരുന്ന പോലെ താനും ഇല്ലാതാവുമെന്ന തോന്നൽ.

ലോത്തിന്റെ ഭാര്യ - ബൈബിൾ പരാമർശം - ദൈവകൽപ്പനകൾ അനുസരിക്കുന്നവനെ ദൈവം സംരക്ഷിക്കും, അനുസരിക്കാത്തവർക്ക് ജീവിതം നഷ്ടപ്പെടും.

- *ഞാൻ വെള്ളി സാമാനം വളരെ കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടില്ല .അത് പാവങ്ങളുടേയാണ്.*

- വിലപിടിപ്പുള്ളവ ഒരാളുടേതു മാത്രമായി സൂക്ഷിക്കുന്നത് ശരിയല്ല.
- ആരും ഒന്നിന്റേയും ശാശ്വതരായ ഉടമസ്ഥരല്ല,
- തങ്ങളുടെ ജീവിതായോധനത്തിനു മരം കൊണ്ടുള്ള മുള്ളും കയ്‌ലുകളും മതി.
- പാവങ്ങൾക്ക് ലഭിച്ചാൽ ഉപകാരമാകും
- ദൈവത്തിന്റെ വസ്തു വകകൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടത്.
- മാനുഷിക നന്മയിൽ ഊന്നിയ തന്റെ ജീവിതത്തിൽ ഇത്തരം ഭൗതികവസ്തുക്കൾക്ക് സ്ഥാനമില്ല.
- അധികാരത്തിന്റെ അടയാളമാണ് സ്വകാര്യസ്വത്ത്. വസുധൈവ കുടുംബകം എന്ന ദർശനം പ്രാവർത്തികമാവുന്നിടത്ത് സ്വകാര്യ സ്വത്ത് സമൂഹ സ്വത്തായി മാറുന്നു..
- *എന്റെ സ്നേഹിതാ- ഇനി ഇങ്ങോട്ട് വരുമ്പോൾ............................കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല.*
- എല്ലാവരേയും ഒരുപോലെ സ്വീകരിക്കുന്ന *മോൺസിനേർ ബിയാങ് വെന്യൂ(മെത്രാൻ)*
- പാപിയോട് പൊറുക്കുക എന്നത് മാനവികതയുടെ പരകോടി.
- മെത്രാന്റെ മാനവികത, ഴാങിനെ നന്മയുടെ പ്രതീകമായി കാണുന്നു.
- സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും.
- നേർവഴിയിൽ സഞ്ചരിക്കുക. ജീവിതത്തിൽ വളഞ്ഞ വഴികൾ ഉപേക്ഷിക്കുക. ജീവിതത്തെ തുറന്ന പുസ്തകമാക്കുക.
- *ഒരു സത്യവാനായിരിക്കാൻ .........മറക്കരുതേ ഒരിക്കലും മറന്നു പോകരുത്.*
- *തിന്മയ്ക്ക് ഴാങിന് മേൽ ഇനി അവകാശമില്ല.*
- തന്റെ പ്രതികരണത്തിലൂടെ ഴാങ് നന്മ വഴിയിലേക്ക് തിരിയാൻ പ്രതിജ്ഞയെടുത്തിട്ടുണ്ടാവുമെന്നും ഈ തിരിച്ചറിവ് ദ്രുതഗതിയിൽ നടക്കുമെന്നു മെത്രാൻ, കരുതുന്നു.
- ഴാങിന് , മെത്രാൻ നൽകിയത് സത്യസന്ധതയുടെയും മനുഷ്യ സ്നേഹത്തിന്റെയും മെഴുകുതിരിക്കാലുകൾ - വെളിച്ചത്തിലേക്കുള്ള വഴി
- മനുഷ്യമനസ്സുകളെ മാറ്റിയെടുക്കാൻ നിമിഷങ്ങൾ കൊണ്ട് കഴിയും.
- തന്നിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നവർ ഉണ്ടെങ്കിൽ ഒരാൾ തിന്മയിലേക്ക് തിരിച്ചു നടക്കുകയില്ല.
- *പരലോകത്ത് വെച്ച് ഇഹ ലോക കർമ്മങ്ങളെ ......................................അയാളുടെ ചെകിട്ടിലലച്ചു. .*
- 'ഇഹലോക - പരലോകം- സങ്കല്പം.
- പരലോകം - നന്മയുടേയും കാരുണ്യത്തിന്റേയും ലോകമത്രേയത്.
- അവിടെ തന്റെ പ്രവർത്തികൾ വിചാരണ ചെയ്യപ്പെടുമെന്ന് ഭയക്കുന്നു.

- പ്രവൃത്തിയിലെ ന്യായാന്യായങ്ങൾ ഇഹലോകത്ത് പിടിക്കപ്പെടില്ലെങ്കിലും പരലോകത്ത് വെളിപ്പെടുമെന്ന തോന്നൽ ഭയാനകമായി അനുഭവപ്പെടുന്നു..
- ലോഹ വാദ്യമായ കാഹള ശബ്ദം സംഗീതാത്മകമാണെങ്കിലും ഉച്ചസ്ഥായിലുള്ള ശബ്ദം ഒരു വിളിച്ചറിയിക്കലാണ്.
- തിരി കുറ്റിയുടെ ശബ്ദം താൻ കുറ്റവാളിയാണെന്ന് വിളിച്ചറിയിക്കുന്നത് പോലെയും ജീവിതത്തിലെ നന്മയിലേക്കുള്ള സംഗീതമായും അനുഭവപ്പെടുന്നു.
- പാൽ തന്ന കൈയ്ക്കു തന്നെ കടിക്കുന്ന പാമ്പ് (അഭയം തന്ന മെത്രാന്റെ ഭവനത്തിൽ നിന്നു തന്നെ മോഷണം) ആണോ എന്ന ചിന്ത ഴാങിനെ വേട്ടയാടുന്നു.

## ■ *കഥാപാത്രനിരൂപണം*

മോൻസിന്യേർ( *മെത്രാൻ*)- മാനവികതയുടെ മഹനീയ രൂപം

**(പ്രധാനാശയങ്ങളിലെ മെത്രാൻ,എന്ന ഭാഗം വായിക്കുക)**

### ◆ *സന്ദേശം കണ്ടെത്താം*

- *ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി സമൂഹത്തിന്റെ കണ്ണിൽ കുറ്റകരമാണെങ്കിലും മെത്രാൻ, അത് കുറ്റമായി കാണുന്നില്ല. പാപികളോടു പൊറുക്കുക -മെത്രാന്റെ പ്രവൃത്തി ഴാങിന് ആശ്വാസവും സമാധാനവും നൽകുന്നു.*
- *സമൂഹം വാതിലുകൾ കൊട്ടിയടക്കുമ്പോൾ മനുഷ്യന് വളഞ്ഞ വഴികൾ സ്വീകരിക്കേണ്ടിവരുന്നു. കുറ്റവാളിയെ ആരും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നില്ല.*
- *ജീവിത സാഹചര്യവും സാമൂഹികാവസ്ഥയും മനുഷ്യനെ തെറ്റിലേക്ക് നയിക്കുന്നു. ജീവിത പ്രയാസങ്ങളെ മറികടക്കാൻ കഴിയാതെ വരുമ്പോൾ പലരും വളഞ്ഞ വഴിയിലൂടെ സഞ്ചരിക്കാൻ നിർബന്ധിതരാവുന്നു.*
- *എല്ലാവരേയും ഒരു പോലെ കാണാനും എല്ലാം എല്ലാവർക്കുമായി പങ്കുവയ്ക്കാനും കഴിയുന്നിടത്തോളം പൂട്ടാത്ത വാതിൽ നന്മയുടെ വാതിലാകുന്നു.*
- *സ്നേഹവും കാരുണ്യവും ജീവിതത്തെ മനോഹരമാക്കുന്നു.*
- *അധികാരത്തിന്റെഅടയാളങ്ങളാണ് സ്വകാര്യസ്വത്ത്. മാനവികതയും സഹോദര്യവും പ്രവർത്തിക്കുന്നിടത്ത് സ്വകാര്യസ്വത്ത് (വെള്ളി സാമാനങ്ങൾ) സമൂഹസ്വത്തായി മാറുന്നു.*
- *ഇവിടെ വന്ന് ആശ്വസിക്കുന്നതാരോ, ആ ആളുടേതു മാത്രമാണ് ഈ ഭവനം.*
- *നിങ്ങൾക്കുള്ള പേര് എന്റെ സഹോദരൻ എന്നാണ്. എനിക്കുള്ളതിലധികം നിങ്ങൾക്കാണ് ഇവിടെ പൂർണാവകാശം.*

- ◆ *പാവങ്ങൾ - നോവൽ പ്രപഞ്ചത്തിലെ അത്ഭുത സൃഷ്ടി*
- ◆ *പാവങ്ങൾ - ലോകസാഹിത്യത്തിലെ നിത്യവിസ്മയം*

*"ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറി യുന്നതപ്പോഴാണ്. നന്മയുടെ വെളിച്ചം ഴാങിലേക്ക് കടക്കുന്ന ആ ഒരൊറ്റ മുഹൂർത്തം മതി വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരന് അമരത്വം ലഭിക്കാൻ. എന്റെ എഴുത്തിലും സ്വഭാവ ഘടനയിലും ചിന്തയിലും സ്വാധീനം ചെലുത്തിയ പുസ്തകമാണ് പാവങ്ങൾ"*

*ഇ. ഹരികുമാർ(നന്മയുടെ കാലം അസ്തമിച്ചിട്ടില്ല)*

## ◆ ഉപ്പ് പ്രതിമ-ലോത്തിന്റെ ഭാര്യ- ബൈബിൾ പരാമർശം

*സായിപ്പ് വിശുദ്ധനോട് സന്ദർശിച്ചു. സോദാം ഗോമോ എന്ന സ്ഥലത്തെത്തിയപ്പോൾ ചിരിക്കുന്ന ഒരു സ്ത്രീയെ കാണാൻ ഇടയായി. അടുത്ത് ചെന്ന് നോക്കിയപ്പോൾ അത് ഒരു വെളുത്ത പ്രതിമ ആയിരുന്നു.*

*സായിപ്പ് ഗൈഡിനോട് പ്രതിമയെപ്പറ്റി ചോദിച്ചു. ഇത് ലോത്തിന്റെ ഭാര്യ-ഉപ്പ് പ്രതിമ എന്ന് ഗൈഡ് വിശദീകരിച്ചു. അത്ഭുതം തോന്നിയ സായിപ്പ് പ്രതിമയോട് ചോദിച്ചു. നീ ആര് ?എന്തു പറ്റിയതാണ് ? പ്രതിമ ചോദിച്ചു ,നീ ഒരു ക്രിസ്ത്യാനിയല്ലേ , ബൈബിൾ വായിച്ചിട്ടില്ലേ.എന്നിട്ട് പ്രതിമ കഥ പറഞ്ഞു :*

*ഞാൻ ലോത്തിന്റെ ഭാര്യ. ഞാനും എന്റെ ഭർത്താവും ഞങ്ങളുടെ രണ്ടു പെൺമക്കളും സോദാം ഗോമായിൽ സുഖമായി കഴിയുകയായിരുന്നു. ഒരിക്കൽ ദൈവദൂതൻ എത്തി ,ഈ ദേശം നശിപ്പിക്കാൻ പോകുന്നവെന്ന് അറിയിച്ചു. ആകെയാൽ ദൂരെ കാണുന്ന മലമുകളിലേക്ക് ഓടി രക്ഷപ്പെടാൻ നിർബന്ധിച്ചു.*

*ദൂതൻ ഞങ്ങളെ കൈപിടിച്ച് പട്ടണവാതിൽക്കൽ കൊണ്ട് വന്ന് തിരിഞ്ഞു നോക്കാതെ ഓടി രക്ഷപ്പെടുകയെന്ന് പറഞ്ഞു. ഞങ്ങൾ ഓടി. ഇടയ്ക്ക് ഉപേക്ഷിച്ചുപോകുന്ന സമ്പത്തിനെപ്പറ്റി ഓർത്തപ്പോൾ ഞാൻ വെറുതെ ഒന്ന് തിരിഞ്ഞു നോക്കി. അങ്ങനെഞാൻ ഈ കോലം ആയി.*

*ദൈവത്തിന്റെ കല്പനകളിൽ നിന്ന് വ്യതിചലിച്ച് ജീവിക്കുന്ന എല്ലാവർക്കുംഒരു പാഠമാണ് ഈ ഞാൻ. ദൈവത്തിന്റെ കൽപ്പനയ്ക്ക് (സ്നാനം) കീഴ്പ്പെട്ട് ഒരു വിശുദ്ധജീവിതം നയിക്കുക. (സായിപ്പ് പ്രതിമയുടെ കദന കഥ കേട്ട നിമിഷം തന്റെപാപങ്ങൾ ഓർത്തു പോയി. ലഹരി പദാർത്ഥങ്ങൾ നുണഞ്ഞു കൊണ്ടിരുന്ന സായിപ്പ് അതു വലിച്ചെറിഞ്ഞ് ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞ് ഒരു വിശുദ്ധ ജീവിതത്തിനായി തന്നെത്തന്നെ സമർപ്പിച്ചു. ലോകത്തിലെ മോഹങ്ങൾ വെടിഞ്ഞ് ഒരു വിശുദ്ധ ജീവിതത്തിനായി നമ്മെത്തന്നെ സമർപ്പിക്കാം എന്ന് ഓർമ്മിപ്പിച്ചു)*

◆ ***ദൈവ കൽപ്പനകൾ അനുസരിക്കുന്നവനെ ദൈവംസംരക്ഷിക്കും,അനുസരിക്കാത്തവർക്ക് ജീവിതം നഷ്ടപ്പെടും. മെത്രാനും ഴാങ് വാൽ ഴാങ്ങും ഉപ്പുപ്രതിമയും-"പാവങ്ങളിലെ" കഥാസന്ദർഭവുമായി ചേർത്ത് വായിക്കാം.***

---




തയ്യാറാക്കിയത് :
**സുരേഷ് അരീക്കോട് (9562521509)**
MA( malayalam ) MA ( English ) MA( Journalism )
HST ( malayalam) GHSS Areekode,Malappuram